**ഗണേശോത്സവവുമായി ബന്ധപ്പെട്ട് സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ് പൊതുജന ശ്രദ്ധാർത്ഥം പുറപ്പെടുവിക്കുന്നത്.**

- ഗണേശോത്സവത്തിന്റെ ഭാഗമായി നടത്തുന്ന വിഗ്രഹ നിമജ്ജനത്തിനായി ഉപയോഗിക്കുന്ന വിഗ്രഹങ്ങൽ കഴിവതും കളിമണ്ണിലുണ്ടാക്കിയവയായിരിക്കണം.
- പ്രകൃതിക്കും ജലസ്രോതസ്സുകൾക്കും ജലാശയങ്ങൾക്കും ദോഷകരമായ ഉൽപ്പന്നങ്ങൾ കൊണ്ട് ഉണ്ടാക്കിയ വിഗ്രഹങ്ങൾ നിമജ്ജനത്തിനായി ഉപയോഗിക്കാൻ പാടുള്ളതല്ല.
- വിഗ്രഹ നിമജ്ജനത്തിനു മുൻപായി വിഗ്രഹത്തിൽ അണിയിച്ചിട്ടുള്ള വസ്ത്രങ്ങൾ, മോടി പിടിപ്പിക്കാനുപയോഗിക്കുന്ന മാലകൾ, പൂക്കൾ, ഇലകൾ, മറ്റു വസ്തുക്കൾ എന്നിവ മാറ്റേണ്ടതാണ്. ഇവ ജലസ്രോതസ്സുകളിലെത്താതിരിക്കുവാൻ ശ്രദ്ധിക്കണം, ഇവ പ്രത്യേകം സൂക്ഷിച്ച് മാലിന്യ പ്രശ്നങ്ങൽ ഉണ്ടാക്കാതെ നിർമ്മാർജ്ജനം ചെയ്യേണ്ടതാണ്.
- നിമജ്ജനത്തിനായുള്ള വിഗ്രഹങ്ങൾ അപകടകാരിയായ/ മാരകമായ/ വിഷലിപ്തമായ പെയിന്റുകൾ / ചായങ്ങൾ എന്നിവയാൽ നിറം നൽകിയവ ആകരുത്. നിറം നൽകുന്നതിന് പ്രകൃതിദത്തവും ദോഷകരമല്ലാത്തതുമായ വസ്തുക്കൾ മാത്രം ഉപയോഗിക്കുക.
- കഴിവതും ചെറിയ വിഗ്രഹങ്ങൾ മാത്രം നിമജ്ജനത്തിനായി ഉപയോഗിക്കുക.
- കിണറുകൾ, തടാകങ്ങൾ, നദികൾ എന്നീ ശുദ്ധജലസ്രോതസ്സുകൾ നിമജ്ജനത്തിനായി ഉപയോഗിക്കരുത്. നിമജ്ജനത്തിനായി നിർദ്ദിഷ്ട സ്ഥലങ്ങൾ മാത്രം തെരഞ്ഞെടുക്കുക.
- ഉത്സവവുമായി ബന്ധപ്പെട്ട് പ്ലാസ്റ്റിക് കപ്പുകൾ, കുപ്പികൾ, ഉപയോഗശേഷമുള്ള മറ്റു വസ്തുക്കൾ എന്നിവ റോഡുകളിലോ, നിരത്തുകളിലോ ഉപേക്ഷിക്കരുത്.
- വലിയ ശബ്ദമുള്ള പടക്കങ്ങൾ, അധികം പുക പുറന്തള്ളുന്ന പടക്കങ്ങൽ എന്നിവ ഉപയോഗിക്കാതിരിക്കുക.
- രാത്രി 10 മണിക്കും രാവിലെ 6 മണിക്കും ഇടയിൽ ഉച്ചഭാഷിണികൾ ഉപയോഗിക്കാൻ പാടുള്ളതല്ല.
- മലിനീകരണം ഉണ്ടാക്കാതെ പ്രകൃതിക്ക് അനുയോജ്യമായ രീതിയിൽ ഉത്സവാഘോഷങ്ങൾ ക്രമീകരിച്ച് നമ്മുടെ പരിപാവനമായ ഭൂമിയെ സംരക്ഷിക്കുന്നതിനായി സഹകരിക്കുവാൻ അഭ്യർത്ഥിക്കുന്നു.

**ഒപ്പ്/-**
**ചെയർമാൻ**
**കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്**